# ശ്ലീഹാക്കാലം

## ഒന്നാം ഞായർ

## വചന വിചിന്തനം

യോഹ 16,5-15

**ബോധ്യം ജനിപ്പിക്കുന്നവനാണ് പരിശുദ്ധാത്മാവ്. അവൻ ജനിപ്പിക്കുന്ന ബോധ്യം പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചുമാണ്. ചുരുക്കത്തിൽ, നല്ല ക്രിസ്ത്യാനിയായി ജീവിക്കാൻ പരിശുദ്ധാത്മാവിന്റെ സഹവാസം കൂടിയെ തീരു.**

ഭയചകിതരായിരുന്നവർ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുന്നു. എങ്കിൽ, ശക്തിക്ക് നിദാനം പരിശുദ്ധാത്മാവ് തന്നെയാണ്!

പരിശുദ്ധാത്മാവ് പറന്നിറങ്ങി നസ്രത്തിലും ഗലീലിയിലും യൂദയായിലും സമരിയായിലെ അതിർത്തികൾ കടന്ന് ലോകത്തിന്റെ അതിർത്തികൾ വരെ ദൈവരാജ്യം വ്യാപിക്കാനാരംഭിച്ച ദിനമാണ് പന്തക്കുസ്താ തിരുനാൾ ദിനം. ഇസ്രായേൽ ജനം ഈജിപ്തിൽ നിന്ന് യാത്ര തിരിച്ച് അമ്പതാം ദിനം സീനായ് മലയിൽ വച്ച് ദൈവം പത്ത് കൽപ്പനകൾ സമ്മാനിച്ചതിന്റെയും ഉയർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗത്തിലേയ്ക്ക് സംവഹിക്കപ്പെട്ട് അമ്പതാംനാൾ പരിശുദ്ധാത്മാവിനെ സമ്മാനിച്ചതിന്റെയും ഓർമ്മപ്പെരുന്നാളാണ് 'പന്തക്കുസ്താത്തിരുനാൾ.' ഇതേ പന്തക്കുസ്താ തിരുനാൾ ദിനം തന്നെയാണ് കത്തോലിക്കാ തിരുസഭ ഔദ്യോഗികമായി പിറവി കൊണ്ടതും ലോകത്തിന്റെ അതിർത്തികൾ വരെ വചനം പ്രസംഗിക്കാനും വചനം ജീവിക്കാനുമായി അപ്പസ്തോലൻമാർ യാത്ര തിരിച്ചതും.

"ഞാൻ പോയാൽ എന്റെ സഹായകനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും... സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും..." (യോഹ 16,7 - 8; 13). ക്രിസ്തു താൻ സ്നേഹിച്ചിരുന്ന ശിഷ്യൻമാരുടെ പൂർണതയ്ക്ക് വേണ്ടി അവർക്ക് സമ്മാനിക്കുന്നത് പരിശുദ്ധാത്മാവിനെയാണ്. തന്നെ തന്റെ പിതാവ് അയച്ചതുപോലെ തന്റെ അരുമശിഷ്യരെയും അയക്കുമ്പോൾ ക്രിസ്തു അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അരുളിച്ചെയുന്നത് ഇപ്രകാരമാണ്; "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16,15) എന്ന് ഭരമേൽപ്പിച്ചുകൊണ്ട് ശിഷ്യരെ യാത്രയാക്കുമ്പോൾ അവരെ ഭരമേൽപ്പിക്കുന്ന ഏകദൗത്യം, ''പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ജ്ഞാനസ്നാനം നൽകുവിൻ" (മത്താ 28,20) എന്നതു മാത്രമാണ്. ചുരുക്കത്തിൽ, ക്രിസ്തുവിന്റെ ഈ വചനങ്ങളിൽ നിന്നെല്ലാം മനസ്സിലാകുന്ന പരമമായ സത്യം, "പരിശുദ്ധാത്മാവ് ത്രിത്വത്തിലെ മൂന്നാമത്തെ ആളാണെന്നും, സത്യത്തിന്റെ പൂർണതയിലേയ്ക്ക് സഭാതനയരെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്" എന്നതുമാണ്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ത്രിത്വരഹസ്യത്തിൽ തുല്ല്യസ്ഥാനമാണുള്ളത്. പക്ഷെ, പലപ്പോഴും സഭാതനയർ പിതാവിനും പുത്രനും നൽകുന്ന ആരാധന പരിശുദ്ധാത്മാവിന് നൽകിയിട്ടില്ല എന്നതാണ് സത്യം! അതുകൊണ്ട് തന്നെ പരിശുദ്ധാത്മാവിനെ തള്ളികളഞ്ഞ് പിതാവിനെയും പുത്രനെയും മാത്രം ആരാധിക്കുന്ന പാഷണ്ഡത, "*ബിറ്ററിയനിസം*" സഭ എക്കാലവും എതിർത്തിട്ടുണ്ട്.

"പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു" (അപ്പ 2,1- 2). കൊടുങ്കാറ്റിന്റെ ആരവുമായി എത്തുന്ന പരിശുദ്ധാത്മാവിനെയാണ് നടപടിപുസ്തകം പങ്കുവയ്ക്കുന്നത്. പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ "കാറ്റ്" എന്നുള്ള പ്രതീകം ഉപയോഗിക്കുന്നു. ഒരു പക്ഷെ, പരിശുദ്ധാത്മാവിനെ സൂചിപ്പിക്കാൻ ഇതിനേക്കാൾ നല്ല പ്രതീകം ലഭിക്കാനുമില്ല.

കുഞ്ഞായിരിക്കുമ്പോൾ ബസ്സിൽ യാത്ര ചെയ്ത് തിരിച്ചെത്തുമ്പോൾ "ഞങ്ങൾ പത്ത് ടയറുള്ള, അല്ലെങ്കിൽ പതിനഞ്ച്, ഇരുപത്, മുപ്പത് ടയറുള്ള വണ്ടികൾ കണ്ടു" എന്നു പറയുന്നത് വലിയ അഭിമാനമായിരുന്നു. കഴിഞ്ഞ ദിവസം ചെന്നൈയിലെ "എണ്ണൂർ പോർട്ടിന്റെ" അടുത്തുകൂടി യാത്ര ചെയ്തപ്പോൾ 200 ൽ അധികം ടയറുള്ള വലിയ വണ്ടി കണ്ടിരുന്നു. ഇത്രയും വലിയ വണ്ടിയിൽ ഇത്രയും വലിയ സാധനങ്ങൾ വച്ച് പോകുമ്പോൾ അതിനെ താങ്ങിപിടിക്കുന്നത് "കാറ്റ്" നിറച്ച് ടയറുകളാണ്. ഈ കാറ്റ് കാണാൻ സാധിക്കില്ല. മറിച്ച്, അനുഭവിക്കാൻ മാത്രമെ സാധിക്കു. ഈ കാറ്റെങ്ങാനും നഷ്ടപ്പെട്ടാൽ എല്ലാം താറുമാറാകും. പരിശുദ്ധാത്മാവും ഇപ്രകാരം തന്നെയാണ്. ആർക്കും കാണാൻ സാധിക്കില്ല. മറിച്ച് അനുഭവിക്കാനെ സാധിക്കു. കാരണം, പരിശുദ്ധാത്മാവിന്റെ ഫലങ്ങളിലേയ്ക്ക് ഒന്നു നോക്കു, "സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം, ശുദ്ധത, മിതത്വം, സഹനശക്തി." ഇതൊന്നും നയനങ്ങൾക്ക് കാണാൻ സാധിക്കാവുന്ന ഒന്നല്ല. മറിച്ച്, അനുഭവിക്കാൻ മാത്രം സാധിക്കുന്ന ഒന്നാണ്. എങ്കിൽ, പരിശുദ്ധാത്മാവിന്റെ കുറവിനനുസരിച്ച് ഇവയുടെ കുറവും നാം അനുഭവിക്കും.

> പരിശുദ്ധാത്മാവിനെ സ്വീകരിച്ചവർ പറയുന്നത് എല്ലാവർക്കും മനസ്സിലാകുന്നു. ഇന്ന് പല ഭവനങ്ങളിലും പരിശുദ്ധാത്മാവിന്റെ കുറവുണ്ട്!

ഒരാൾ മുടി വെട്ടിക്കാനും താടി ശരിപ്പെടുത്തനും വേണ്ടി ഒരു ക്ഷവരകടയിലേക്ക് പോയി. ക്ഷവരക്കാരൻ മുടി വെട്ടാൻ തുടങ്ങി. രണ്ടു പേരും പലതിനെയും കുറിച്ച് സംസാരിച്ചു. ഒടുവിൽ ദൈവം എന്നവിഷയത്തിലേക്ക് വന്നു. ഉടനെ ക്ഷവരക്കാരൻ പറഞ്ഞു;

"ഞാൻ ദൈവം ഉണ്ടെു വിശ്വസിക്കുന്നില്ല."

"എന്ത് കൊണ്ട് വിശ്വസിക്കുന്നില്ല?" വന്ന ആൾ ആശ്ചര്യത്തോട് ചോദിച്ചു.

"പുറത്തു ചെന്ന് ഒന്ന് നോക്കുക. അപ്പോൾ മനസ്സിലാകും. ദൈവം ഉണ്ടെങ്കിൽ എന്ത് കൊണ്ടാണ് ഇത്ര സുഖക്കേടുകാർ? ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾ? കുറേയധികം കഷ്ടപ്പാടുകൾ? ഒരു സ്നേഹമുള്ള ദൈവം ഇങ്ങിനെയൊക്കെ വരുവാൻ സമ്മതിക്കുമോ?" ക്ഷവരക്കാരൻ ചോദിച്ചു.

വന്ന ആൾ തർക്കിക്കാൻ ഒന്നും പോയില്ല. ഒന്നും മിണ്ടാതെ ക്ഷവരം കഴിഞ്ഞു പുറത്തു വന്നു. ഉടൻ തന്നെ താടിയും, മീശയും നീളമുള്ള മുടിയും ഒക്കെയായി വളരെ ദുർഗന്ധം വമിക്കുന്ന ഒരാളെ കണ്ടു. അയാൾ ഉടൻ തന്നെ ക്ഷവര കടയിലേക്ക് കയറി, ക്ഷുരകനോട് പറഞ്ഞു;

"നിങ്ങൾക്ക് അറിയാമോ, ഇവിടെ ക്ഷവരക്കാർ ഇല്ല!"

ക്ഷവരക്കാരൻ തിരിച്ച് ചോദിച്ചു; "എങ്ങിനെ നിങ്ങൾക്ക് അത് പറയാൻ സാധിക്കും? ഞാൻ ഒരു ക്ഷവരക്കാരൻ അല്ലെ? കുറച്ചു മുമ്പ് നിങ്ങൾക്ക് ഞാൻ ക്ഷവരം ചെയ്തു തന്നില്ലേ?"

അപ്പോൾ വന്നയാൾ പറഞ്ഞു; "പുറത്തേക്കൊന്നു നോക്കുക, ക്ഷവരക്കാരൻ ഉണ്ടെങ്കിൽ എന്ത് കൊണ്ട് ആ മനുഷ്യൻ വൃത്തിഹീനമായി താടിയും മീശയും ഒക്കെയായി നിൽക്കുന്നത്?"

ക്ഷവരക്കാരൻ തിരിച്ച് പറഞ്ഞു; "തീർച്ചയായും ക്ഷവരക്കാർ ഉണ്ട്. ആളുകൾ അവരുടെ അടുത്ത് ചെല്ലാത്തതിനു അവർ എന്ത് ചെയ്യും?"

ഇതുകേട്ടപ്പോൾ ക്ഷവരക്കാരനോട് ക്ഷവരം ചെയ്യാൻ വന്നയാൾ മറുപടി പറയുകയാണ്, "ശരിയാണ്, അതാണ് കാര്യം. ഇതുപോലെ തയൊണ് ദൈവവും. മനുഷ്യർ ദൈവത്തിന്റെ അടുക്കൽ സഹായത്തിനു പോകുന്നില്ല. അതാണ് ഈ കാണുന്ന ദുഃഖങ്ങളെല്ലാം കാരണം. ആളുകൾ ദൈവത്തെ സമീപിക്കേണ്ട രീതിയിൽ സമീപിക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ എപ്പോഴും സന്തോഷം കുടെയുണ്ടാകും. തീർച്ചയായും ദൈവം ഉണ്ട്."

ഇതുപോലെ തന്നെയാണ് ത്രിതൈക രഹസ്യത്തിലെ പരിശുദ്ധാത്മാവും. പരിശുദ്ധാത്മാവ് എല്ലായിടത്തും ഉണ്ട്. നാം തിരയണം എങ്കിൽ മാത്രമേ കാണാൻ സാധിക്കൂ. പ്രകൃതിയിലെ എല്ലാ സൃഷ്ടിയിലും പരിശുദ്ധാത്മാവ് ഉണ്ട്. പരിശുദ്ധാത്മാവിനെ കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥത്തിലെ ആദ്യ പരാമർശം, " ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴത്തിനുമുകളിൽ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിൻെറ ചൈതന്യം വെള്ളത്തിനുമീതെ ചലിച്ചുകൊണ്ടിരുന്നു" (ഉൽപ 1,1- 2). രൂപരഹിതവും ശ്യൂന്യവും അന്ധകാര നിബിഢവുമായ ആകാശത്തിലേയ്ക്കും ഭൂമിയിലേയ്ക്കും ദൈവത്തിന്റെ അരൂപി പ്രവേശിച്ചപ്പോഴാണ് നന്മകൾകൊണ്ട് സമ്പന്നമായ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. എങ്കിൽ, ഇതിനെ ഒന്ന് മറിച്ചിട്ടാൽ, "ദൈവത്തിന്റെ അരൂപി (പരിശുദ്ധാത്മാവ്) ഇല്ലാത്ത അവസ്ഥയാണ് രൂപരഹിതവും ശ്യൂന്യവും അന്ധകാരനിബിഢവുമായ അവസ്ഥ!"

ഇന്ന് ചില ജീവിതങ്ങൾ രൂപരഹിതവും ശ്യൂന്യവും അന്ധകാരനിബിഢവുമായ മുന്നേറുന്നുണ്ടെങ്കിൽ അതിനുള്ള കാരണം പരിശുദ്ധാത്മാവിന്റെ കുറവ് തന്നെയാണ്. എന്തുമാത്രം പരിശുദ്ധാത്മാവിനെ കൊണ്ട് നിറയുന്നുവോ, അത്രമാത്രം പ്രകാശത്തിന്റെ ആയുദ്ധങ്ങൾ ധരിക്കാൻ സാധിക്കും. അതുകൊണ്ട് കർത്താവിന് നമ്മളോട് പറയാനുള്ളത്, "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). വചനത്തിന് സാക്ഷികളായി ജീവിക്കാനും വചനാനുസൃതം ജീവിക്കാനും അവശ്യം വേണ്ട കൃപയും ഇത് തന്നെയാണ്, പരിശുദ്ധാത്മാവ്.

**"നിങ്ങൾ പശ്ചാത്തപിക്കുവിൻ,**
**പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിൻെറ നാമത്തിൽ**
**സ്നാനം സ്വീകരിക്കുവിൻ.**
**പരിശുദ്ധാത്മാവിൻെറ ദാനം നിങ്ങൾക്കു ലഭിക്കും."**

അപ്പ 2,38

ദൈവാരൂപി
കൂട്ടായ്മയുടെ
അരൂപിയാണ്.
കാരണം,
"പന്തക്കുസ്താദിനം
സമാഗതമായപ്പോൾ
അവരെല്ലാവരും ഒരുമിച്ചു
കൂടിയിരിക്കുകയായിരുന്നു...
അവരെല്ലാവരും
പരിശുദ്ധാത്മാവിനാൽ
നിറഞ്ഞു..."
(നട 2,1)

ഫാ. ജോബി മേനോത്ത് : +91 944 7777 931